## പതിനാലാം കേരള നിയമസഭ -പതിമൂന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 2455
## -06.12.2018-ന് മറുപടി നൽകേണ്ടത്

**പത്തനംതിട്ടയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഓഫീസ്**

| 2455 | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീമതി. വീണാ ജോർജ്ജ് | ഡോ. റ്റി.എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി |
| (എ) | പത്തനംതിട്ടയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഓഫീസിൽ നിന്ന് ഉപഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ വിശദമാക്കുമോ; പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരുണ്ട്; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ബ്രാഞ്ചോഫീസുകളിൽ ഉപഭോക്താക്കളുടെ വായ്പ അപേക്ഷ സ്വീകരിച്ച് ഒരുകോടി രൂപവരെയുള്ള വായ്പകളിൽ ബ്രാഞ്ചോഫീസിൽ തീരുമാനമെടുത്ത് പാസ്സാക്കുന്നു. (അതിനുമുകളിലുള്ള അപേക്ഷ കളിന്മേൽ ഉപരി കമ്മിറ്റികളാണ് തീരുമാനമെടുക്കുന്നത്). ഇതുകൂടാതെ പാസ്സായ ലോണുകളുടെ വിതരണവും ബ്രാഞ്ചോഫീസ് മുഖാന്തിരമാണ് നടത്തുന്നത്. പത്തനംതിട്ടയിലെ ബ്രാഞ്ചോഫീസിൽനിന്നും മേൽപറഞ്ഞ സേവനങ്ങൾ ലഭ്യമാണ്. ബ്രാഞ്ചോഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ ഉൾപ്പെടെ അഞ്ച് ജീവനക്കാരുണ്ട്. |
| ബി | പ്രസ്തുത സ്ഥാപനത്തിന് വായ്പ നൽകുന്നതിനുള്ള പരിധി എത്രയെന്ന് അറിയിക്കുമോ; | കമ്പനികൾക്ക് 20 കോടി രൂപ വരെയും വ്യക്തികൾ/ പാർട്ണർഷിപ്പ് എന്നിവയ്ക്ക് 8 കോടിരൂപവരെയുമാണ് പരമാവധി വായ്പ നൽകുന്നത്. |
| (സി) | പത്തനംതിട്ട, കൊല്ലം ജില്ലകളിൽ നിന്നുള്ള അപേക്ഷ കളുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്ന തുകയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ? | പത്തനംതിട്ട, കൊല്ലം ജില്ലകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്ന തുകയിൽ യാതൊരുവിധ വ്യത്യാസവും വരുത്തിയിട്ടില്ല. നടപ്പുസാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ബ്രാഞ്ചിൽനിന്ന് 225 ലക്ഷം രൂപയും കൊല്ലം ബ്രാഞ്ചിൽനിന്ന് 3815 ലക്ഷം രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**